"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ഫയർ & റെസ്ക്യൂ സർവ്വീസസ്- ഹരിപ്പാട് ഫയർ സ്റ്റേഷനിലേക്കുള്ള വഴിവികസനം- നഷ്ടപരിഹാരത്തുക അനുവദിയ്ക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

ആഭ്യന്തര(എഫ്)വകുപ്പ്

സ.ഉ.(കൈ) നം.118/2025/HOME തീയതി,തിരുവനന്തപുരം, 30-06-2025

---

പരാമർശം:-
1. സ.ഉ(കൈ)നം.172/2016/റവന്യൂ തീയതി 26.02.2016.
2. സ.ഉ(എം.എസ്)നം.130/2023/ആഭ്യന്തരം തീയതി 23.05.2023.
3. സ.ഉ(എം.എസ്)നം.65/2025/ആഭ്യന്തരം തീയതി 25.03.2025.
4. ഫയർ & റെസ്ക്യൂ സർവ്വീസസ് ഡയറക്ടർ ജനറലിന്റെ 04.04.2025-ലെ FIREHQ/2402/2023-F1 നമ്പർ കത്ത്.

<u>ഉത്തരവ്</u>

ഹരിപ്പാട് ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതിന് ആലപ്പുഴ ജില്ലയിലെ കാർത്തികപ്പള്ളി താലൂക്കിൽ ചിങ്ങോലി വില്ലേജിൽ റീ-സർവ്വേ നം.157/6-ൽ ഉൾപ്പെട്ട 12.04 ആർസ് ഭൂമി, ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി ഫയർ & റെസ്ക്യൂ സർവ്വീസസ് വകുപ്പിന് ഉപയോഗാനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ഫയർ സ്റ്റേഷനിലേയ്ക്കുള്ള വഴി വികസനത്തിനായി 54 ച.മീ. ഭൂമി ഏറ്റെടുക്കുന്നതിനായി ഫയർ & റെസ്ക്യൂ സർവ്വീസസ് ഡയറക്ടർ ജനറലിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ, കണ്ടിൻജൻസി ചാർജ്ജിനത്തിൽ സ്പെഷ്യൽ തഹസീൽദാർ, എൽ.എ (ജനറൽ), ആലപ്പുഴയുടെ പേരിൽ 3 ലക്ഷം രൂപ ഒടുക്കുന്നതിന് അനുമതി നൽകി പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ സർക്കാർ ആവശ്യങ്ങൾക്ക് ഭൂമി ഏറ്റെടുക്കുന്നതിന് കണ്ടിൻജൻസി ചാർജ് നല്കേണ്ടതില്ല എന്നതിനാൽ പ്രസ്തുത ഉത്തരവ് പരാമർശം (3) പ്രകാരം റദ്ദ് ചെയ്യുകയും വഴി വികസിപ്പിക്കുന്നതിന് വസ്തു ലഭ്യമാക്കുന്നതിനാവശ്യമായ തുക ഫയർ സ്റ്റേഷൻ നിർമ്മാണത്തിന് ഭരണാനുമതി നൽകേണ്ട അതേ ശീർഷകത്തിൽ നിന്നും വകയിരുത്തുന്നതിന് ശിപാർശ സമർപ്പിക്കുന്നതിന് ഡയറക്ടർ ജനറലിന് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു.

2. പ്രസ്തുത സ്ഥലത്തേയ്ക്കുള്ള വഴി വികസനത്തിനായി കാർത്തികപ്പള്ളി

താലൂക്കിലെ ചിങ്ങോലി വില്ലേജിലെ 157/11-3, 157/12-2, 157/12-2-2 സർവ്വേ നമ്പരുകളിൽ ഉൾപ്പെട്ട 0.54 ആർസ് ഭൂമി ഏറ്റെടുക്കുന്നതിനായുള്ള നഷ്ടപരിഹാരത്തുക നിശ്ചയിച്ച് തുക അനുവദിച്ചു നല്കാൻ സ്പെഷ്യൽ തഹസീൽദാർ എൽ.എ (ജനറൽ), ആലപ്പുഴ അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ തുക 2025-26 സാമ്പത്തികവർഷം "4059-60-051-85-00-അഗ്നി പ്രതിരോധവും നിയന്ത്രണവും" എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുകയിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകണമെന്ന് ഫയർ & റെസ്ക്യൂ സർവ്വീസസ് ഡയറക്ടർ ജനറൽ പരാമർശം (4) പ്രകാരം അഭ്യർഥിച്ചിരുന്നു

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഹരിപ്പാട് ഫയർ സ്റ്റേഷൻ കെട്ടിടനിർമ്മാണത്തിന് ലഭ്യമായ ഭൂമിയിൽ വഴി വികസിപ്പിക്കുന്നതിന് വസ്തു ലഭ്യമാക്കുന്നതിനാവശ്യമായ 7,25,022/- രൂപ (ഏഴ് ലക്ഷത്തി ഇരുപത്തി അയ്യായിരത്തി ഇരുപത്തിരണ്ട് രൂപ മാത്രം) "4059-60-051-85-00-അഗ്നിപ്രതിരോധവും നിയന്ത്രണവും" എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും അനുവദിയ്ക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ ജനറൽ, കേരള ഫയർ & റെസ്ക്യു സർവ്വീസസ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) / (എ&ഇ), കേരളം, തിരുവനന്തപുരം.

ധനകാര്യവകുപ്പ് (13.06.2025-ലെ 3032941/വ്യയം-ബി1/46/2025-ധന പ്രകാരം).

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Shabeer S
Date: 01-07-2025 10:18:47